## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1858**

**16.06.2014 -ലെ മറുപടിക്ക്**

### കാസർഗോഡ് ജില്ലയിലെ ഗ്രീൻവുഡ് കോളേജിലെ ആത്മഹത്യ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. രമേശ് ചെന്നിത്തല (ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിലെ പാലക്കുന്ന് ഗ്രീൻവുഡ് കോളേജിലെ ബിരുദ വിദ്യാർത്ഥിനിയായിരുന്ന ഉദുമ പാക്യാരയിലെ ഷംസീന ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബേക്കൽ പോലീസ് സ്റ്റേഷൻ അതിർത്തിയിലെ പാലക്കുന്ന് ഗ്രീൻവുഡ് കോളേജിലെ 2-ാം വർഷ ബി.സി.എ. ബിരുദ വിദ്യാർത്ഥിനിയായിരുന്ന ഷംസീന സ്വന്തം വീട്ടിലെ മുറിയിൽ 19.03.2014-ൽ ആത്മഹത്യയ്ക്ക് ശ്രമിക്കുകയും ചികിത്സയിലിരിക്കെ 28.03.2014-ൽ മംഗലാപുരത്തുള്ള എ.ജെ. ആശുപത്രിയിൽ മരണപ്പെടുകയുമുണ്ടായി. |
| (ബി) | ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; അന്വേഷണ ചുമതല ആർക്കാണ്; | (ബി) | കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നം. 257/14 u/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ബേക്കൽ അഡീഷണൽ പോലീസ് സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തി വരികയാണ്. |
| (സി) | ഈ കേസ്സിന്റെ അന്വേഷണ പുരോഗതി നിലവിൽ ഏത് അവസ്ഥയിലാണെന്ന് അറിയിക്കാമോ? | (സി) | കേസിൽ സഹപാഠികൾ, അധ്യാപകർ, അയൽക്കാർ, കുട്ടിയുടെ അടുത്ത ബന്ധുക്കൾ എന്നിവരെ കണ്ട് ചോദിച്ചും മറ്റും ഊർജ്ജിതമായ അന്വേഷണം നടത്തി വരികയാണ്. കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. |

സെക്ഷൻ ഓഫീസർ